(ഡി) കോഴിക്കോട് ജില്ലയിൽ അരുന്ധതിയാർ സമുദായവും ചെറുമൻ സമുദായവും ഇത് സംബന്ധിച്ച് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടി കൈക്കൊണ്ടു എന്ന് വ്യക്ത മാക്കുമോ?

ഉത്തരം

(എ) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി, സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പുതുക്കിയ ലിസ്റ്റ് എല്ലാ ജില്ലാകളക്ടർമാർക്കും തഹസിൽദാർമാർക്കും ഇതിനകം അയച്ചുകൊടുത്തിട്ടുണ്ട്.

(ഡി, ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വില്ലേജോ താലൂക്കോ മാറി താമസി ക്കുന്നവർക്ക് പുതിയ സ്ഥലത്തുനിന്നും സമുദായ സർട്ടിഫിക്കറ്റ് ലഭിക്കാൻ കാല താമസം നേരിടുന്നുണ്ട്. ഇത് പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് നൽകിയിട്ടുണ്ട്.

വിവിധ വകുപ്പുകളിൽ നിയമനം ലഭിച്ച പിന്നോക്ക വിഭാഗക്കാരുടെ കണക്ക്

103 [988] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2003 ഡിസംബർ 31 വരെ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട എത്ര ഉദ്യോഗാർത്ഥികൾക്ക് ആരോഗ്യം, പൊതു മരാമത്ത്, ജലവിഭവം, ഗതാഗതം, പോലീസ്, വൈദ്യുതി വകുപ്പുകളിൽ ഗസറ്റഡ് റാങ്കിൽ നിയമനം ലഭിച്ചു എന്ന് അറിയിക്കാമോ;

(ബി) പുതിയ സാമ്പത്തിക നയത്തിന്റെ ഭാഗമായി തസ്തികകൾ വെട്ടിക്കുറയ്ക്കു ന്നതുമൂലം പൊതുമേഖലാ സംരംഭങ്ങൾ സ്വകാര്യവത്ക്കരിക്കുന്നതുമൂലവും എസ്.സി./ എസ്.ടി. വിഭാഗങ്ങൾക്കുള്ള തൊഴിൽ സാദ്ധ്യത കുറയുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ വിഭാഗത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ സംരംഭങ്ങളിലും എയ്ഡഡ്, അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉദ്യോഗ നിയമനത്തിന് എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് ഭരണഘടന അനുശാസിക്കുന്ന തോതിൽ സംവരണം നൽകേണ്ടതാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

† അനുബന്ധം X.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ ഇക്കാര്യം ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ പുതുതായി ആരംഭിച്ചിട്ടുള്ള സ്വകാര്യ-സ്വാശ്രയ-പ്രൊഫഷണൽ കോളേജുകളിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് പ്രവേശനത്തിന് സംവരണം നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ജി) ഇപ്രകാരം നൽകുന്ന സംവരണം സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നൽകുന്നതിന് സമമായിട്ടാണോ നൽകിയിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ ലഭിച്ച വിവരങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) പവർ വകുപ്പിന്റെ കീഴിലുള്ള ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ 9 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽനിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി, സി) ഉണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഡി, ഇ) സ്വകാര്യമേഖലയിലെ സംരംഭങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ജോലി സംവരണത്തിന് ഭരണഘടനയിൽ വ്യവസ്ഥയില്ല.

സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനാധികാരി ബന്ധപ്പെട്ട സ്ഥാപനത്തിന്റെ മാനേജരാണ്. ഇക്കാര്യത്തിൽ ഇടപെടുന്നതിന് സർക്കാരിന് പരിമിതികളുണ്ട്.

(എഫ്) സംവരണം നൽകിയിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു:

വിഭാഗം	കോഴ്സുകൾ	അദ്ധ്യയന വർഷം			ആകെ
		2001-02	2002-03	2003-04	
പട്ടികജാതി വിഭാഗം	എഞ്ചിനീയറിംഗ്	66	352	342	760
	മെഡിക്കൽ	4	65	132	201
	ആകെ	70	417	474	961
പട്ടികവർഗ്ഗ വിഭാഗം	എഞ്ചിനീയറിംഗ്	2	12	11	25
	മെഡിക്കൽ	2	11	14	27
	ആകെ	4	23	25	52
	ആകെ മൊത്തം	74	440	499	1013

(ജി) ഇല്ല. ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly